# താടിയുടെ മതവിധി

**ഗ്രന്ഥകർത്താവ്:** മുഹമ്മദ് അൽ ജിബാലി
**ഗ്രന്ഥം:** താടി: ഇസ്‌ലാമിന്റെ ചിഹ്നം!
**വിവർത്തനം:** മുഹമ്മദ് സിയാദ്

## നിർവചനം

താടി എന്നതിന്റെ അറബി പദം ‘ലിഹ്‌യ’ എന്നാണ്. ലഹ്‌യ് (താടിയെല്ല്), ലഹ്‌യൻ (ര ˘ താടിയെല്ലുകൾ) എന്നിവയിൽ ഉൽഭവിച്ചതാണത്. അപ്പോൾ, താടി എന്നതിന്റെ നിർവചനം, കവിൾത്തടത്തിലും താടിയെല്ലുകൾക്ക് കീഴെയും വളരുന്ന രോമം എന്നാണ്. (ഫൈറൂസാബാദിയുടെ അൽഖാമൂസുൽ മുഹീത്; ഇബ്നു മൻളൂറിന്റെ ലിസാനുൽ അറബ്) ചെന്നിയുടെ ഭാഗത്തും കീഴ്ചുണ്ടിന് താഴെയും താടിയെല്ലുകളുടെ ഭാഗത്തും അതിന്ന് കീഴെയും വളരുന്ന രോമങ്ങളും അതിലുൾപ്പെടും.

## മതവിധി

താടി വളർത്തുക എന്നത് അപ്രകാരം ചെയ്യാൻ സാധിക്കുന്ന എല്ലാ പുരുഷൻമാർക്കും വാജിബ് (നിർബന്ധം) ആണ്. നബിചര്യയിൽ അതിന് വേണ്ടത്ര തെളിവുകളുണ്ട്. കൂടാതെ, മുസ്‌ലിം പണ്ഡിതന്മാരുടെ ഏകോപിച്ച അഭിപ്രായവും അതുതന്നെയാണ്. അവയെല്ലാം താഴെ വരുന്നുണ്ട്.

## പണ്ഡിതന്മാരുടെ നിലപാട്

നാലു ഇമാമുകൾ ഉൾപ്പെടെയുള്ള സലഫുസ്സ്വാലികളി (സച്ചരിതരായ ആദ്യകാല മുസ്‌ലിംകൾ)ലെ പണ്ഡിതന്മാർ മുഴുവൻ താടി വടിക്കൽ ഹറാം (നിഷിദ്ധം) ആണെന്ന വിഷയത്തിൽ ഏകോപിച്ചിട്ടുണ്ട്. താടി വടിക്കുന്നത് അനനുവദീയമായ ഒരു അംഗവിഛേദമായി അവർ കണക്കാക്കിയിരുന്നു. ഉമർ ഇബ്നു അബ്ദിൽ അസീസിൽ നിന്നും അപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് (ഇബ്നു അസാകിറിന്റെ അത്താരീഖ്) താടി വടിച്ച ഒരു മനുഷ്യനെ സ്ത്രൈണ പ്രകൃതിയുള്ളവനായിട്ടാണ് അവർ കണ്ടിരുന്നത്. അവരിൽ പലരും അങ്ങനെയുള്ള ഒരുവന്റെ സാക്ഷ്യം സ്വീകരിക്കുകയോ, നമസ്കാരത്തിന് നേതൃത്വം നൽകാൻ അനുവദിക്കുകയോ ചെയ്തിരുന്നില്ല.

## ഹനഫികൾ

ഹനഫികളുടെ നിലപാട് ഇതാണ്. ഒരു പുരുഷന് തന്റെ താടി വെട്ടുന്നത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ പാശ്ചാത്യരായ ചിലരും സ്ത്രൈണസ്വഭാവമുള്ള പുരുഷന്മാരും ചെയ്യുന്ന

രൂപത്തിൽ ഒരു കൈപിടിക്കുള്ളിൽ ഒതുങ്ങുന്ന താടി രോമങ്ങൾ വെട്ടിക്കളുയുന്നതിനെ ആരും അനുവദിക്കുന്നില്ല. ഇനി പൂർണമായും വടിച്ചു കളയുന്നതാകട്ടെ, ഇന്ത്യൻ ജൂതന്മാരുടെയും പേർഷ്യൻ മജൂസികളുടെയും ചെയ്തിയാണ് (പേർഷ്യൻ മജൂസികൾ – ഒരു പ്രാചീന മതത്തിന്റെ അനുയായികൾ, ഒരു പക്ഷേ സോറോസ്റ്ററിയക്കാരെ പോലെയുള്ളത്). (ധഅദ്ദുർറുൽ മുഖ്താർ)

ഇബ്നു ആബിദീൻ പറഞ്ഞു: ''ഒരു പുരുഷന് താടി വെട്ടുന്നത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു'' (ധറദ്ദുൽ മുഹ്താർ, 2:418).

## മാലിക്കികൾ

മാലിക്കികളുടെ നിലപാട് ഇതാണ്:

താടി വടിക്കുന്നത് നിഷിദ്ധമാണ്. (വ്യക്തമായ) അംഗ ഭംഗം വരുത്തുന്നുണ്ടെങ്കിൽ അത് വെട്ടുന്നതും അപ്രകാരം തന്നെയാണ്. എന്നാൽ, അത് അമിതമായി നീണ്ടുപോകുകയും, അത് വെട്ടുന്നത് മൂലം അംഗഭംഗമായി തോന്നാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, അത് വെട്ടിക്കളയാവുന്നതാണ്. പക്ഷെ, അത് അപ്രിയകരവും ഏറ്റവും ഉത്തമമായതിന് എതിരാവുകയും ചെയ്യും (അബുൽ ഹസന്റെ ശർ ഹുർരിസാല, അൽ അദ്‌വി അതിന് നൽകിയ വ്യാഖ്യാന ഗ്രന്ഥം).

അൽഅദ്‌വി പറഞ്ഞു: ''താടിയെല്ലുകൾക്ക് കീഴിലുള്ള എന്തും വടിച്ചു കളയുന്നത് (ഇമാം) മാലിക് വെറുത്തിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് അത് മജൂസികളുടെ പ്രവൃത്തിയാണ് എന്നാണ്. താടി രോമം പറിച്ചു കളയുന്നതും നിഷിദ്ധമാണ്''. (അബുൽ ഹസന്റെ ശർഹുർരിസാലയും അൽ അദ്‌വി അതിന് നൽകിയ വ്യാഖ്യാനവും, 2:411)

ഇബ്നു അബ്ദിൽ ബർറ് പറഞ്ഞു: ''താടി വടിക്കുന്നത് നിഷിദ്ധമാക്കപ്പെട്ടതാണ്. സ്ത്രൈണ പ്രകൃതിയുള്ള പുരുഷൻമാരല്ലാതെ അത് ചെയ്യുകയില്ല'' (അത്തംഹീദ്)

## ശാഫിഈകൾ

ശാഫിഈകളെ സംബന്ധിച്ചിടത്തോളം താടി വടിക്കുന്നത് നിഷിദ്ധമാണെന്ന് ഇമാം ശാഫിഈ തന്നെ സ്പഷ്ടമാക്കിയിട്ടുണ്ട്. മാത്രമല്ല, അഥ്റൂഇ പറഞ്ഞു. (വൈദ്യശാസ്ത്രപരമായ) പ്രശ്നങ്ങളൊന്നുമില്ലെങ്കിലല്ലാതെ, താടി പൂർണമായും വടിക്കുന്നത് നിഷിദ്ധമാണെന്ന നിലപാടാണ് ഏറ്റവും ശരിയായത് (ശർഹുൽ ഉബബ്)

## ഹമ്പലികൾ

താടി വടിക്കൽ നിഷിദ്ധമാണെന്ന വിഷയത്തിൽ ഒരു ഒഴികഴിവുമില്ലാത്ത നിലക്ക് ഹമ്പലികൾ ഏകോപിച്ചിട്ടുണ്ട്. (അൽ ഇൻസാഫ്, ശർഹൽ മുൻതഹ, തുടങ്ങിയവ)

ഇബ്നു തൈമിയ്യ പറഞ്ഞു: ''താടി വടിക്കുന്നത് നിഷിദ്ധമാണ്'' (അൽ ഇഖ്തിയാറാത്തുൽ ഇൽമിയ്യ, പേ:60).

അസ്സഫറീനി പറഞ്ഞു: ''താടി വടിക്കൽ നിഷിദ്ധമാണെന്ന വിഷയത്തിൽ നമ്മുടെ മദ്ഹബുകാർ ഏകോപിച്ചിട്ടുണ്ട്'' (ഗിഥാഉൽ അൽബാബ്, പേ1:376).

ഇബ്നുഹസം അൽ അൻദലൂസി പറഞ്ഞു: ''താടി വടിക്കുന്നത് ഒരു തരം അംഗവിഛേദമാണെന്നും, അത് നിഷിദ്ധമാണെന്നും പണ്ഡിതന്മാരെല്ലാം ഐക്യകണ്ഠ്യേന അഭിപ്രായപ്പെട്ടിട്ടു ്.'' (മറാതിബുൽ ഇജ്മാഅ് പേ:157, അൽമുഹല്ല, പേ 2:189).

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ പറഞ്ഞു: ''പ്രാമാണികമായ ഹദീഥുകളുള്ളത് കാരണം, താടി വടിക്കുന്നത് നിഷിദ്ധമാണ്. അത് ഇതുവരെ ആരും അനുവദിച്ചിട്ടുമില്ല.''

## ആധുനിക പണ്ഡിതൻമാർ

ഇക്കാലഘട്ടത്തിലുള്ള മഹാപണ്ഡിതന്മാരെല്ലാം താടി വടിക്കുന്നതും അത് വെട്ടിച്ചെറുതാക്കുന്നതും നിഷിദ്ധമാണെന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. അവരിൽ പെട്ടവരാണ്– അലി മഹ്ഫൂസ്, മുഹമ്മദ് നാസ്വിറുദ്ദീൻ അൽ അൽബാനി, അബ്ദുൽ അസീസ് ഇബ്നുബാസ്, ഖാന്ദലവി, അബൂബക്ർ അൽജസാഇരി, ഇസ്മാഈൽ അൻസാരി തുടങ്ങിയവരും മറ്റും.

## താടിയുടെ പരിധി

താടി പൂർണമായും വെറുതെ വിടാൻ പ്രവാചക കൽപനകളിൽ വ്യക്തമായ സൂചനയുണ്ട്. കൂടാതെ, പ്രവാചകന്മാരും, അനുചരന്മാർക്കും പൂർണവും സമൃദ്ധവുമായ താടിയാണുണ്ടായിരുന്നത്.

പ്രവാചകൻ(ﷺ) തന്റെ താടി വെട്ടിച്ചെറുതാക്കിയതായി സൂചിപ്പിക്കുന്ന ഒരൊറ്റ സ്വഹീഹായ റിപ്പോർട്ടുമില്ല. എന്നാൽ, ധാരാളം സ്വഹാബികളിൽ നിന്നുള്ള പ്രബലമായ റിപ്പോർട്ടുകളുണ്ട്– വിശിഷ്യാ ഇബ്നു ഉമർ, അബൂഹുറൈയ്റ, ഇബ്നുഅബ്ബാസ്(رضي الله عنه) തുടങ്ങിയവരിൽ നിന്ന്. ഒരു കൈപിടിക്കപ്പുറത്തുള്ള താടി രോമങ്ങൾ അവർ വെട്ടിക്കളയാറുണ്ടായിരുന്നു എന്ന് സൂചിപ്പിക്കുന്ന റിപ്പോർട്ടുകൾ അവരിൽ നിന്നും ഉണ്ടായിട്ടുണ്ട്. അത്പോലെ സലഫുകളായ ഇബ്രാഹീം അന്നഖഈ, മാലിക്, അഹ്മദ് പോലെയുള്ളവരിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. (അത്തരം സ്വഹീഹായ ധാരാളം റിപ്പോർട്ടുകൾ ശൈഖ് അൽബാനി തന്റെ ളഈഫയിൽ (ഹദീഥ് ന:2355ന് ചുവട്ടിൽ) ശേഖരിച്ചിട്ടുണ്ട്).

അബ്ദുല്ല ഇബ്നു ഉമർ(رضي الله عنه) ഹജ്ജിനും ഉംറക്കും പോയാൽ, തന്റെ താടി ഉള്ളംകൈ കൊണ്ട് ചുരുട്ടിയിടിച്ച് തന്റെ മുഷ്ടിക്ക് പുറത്തുള്ള താടിരോമങ്ങൾ വെട്ടിക്കളയുമായിരുന്നു (ബുഖാരി)

അപ്പോൾ താടിയെ വെറുതെ വിടുക എന്ന പൊതു കൽപനയെ സ്വഹാബികളുടെ ധാരണയെയും ചെയ്തിയെയും കൊണ്ട് പരിമിതപ്പെടുത്തണം.